**സബ്മിഷൻ**

(1) ഫയർ സ്റ്റേഷൻ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോഴിക്കോട്-തൃശ്ശൂർ ദേശീയ പാതയിലെ ഒരുപാട് അപകടങ്ങൾ നടക്കുന്ന ഒരു പ്രദേശമാണ് വളാഞ്ചേരി. ഈ പ്രദേശത്തിന്റെ വളരെ അടുത്തായുള്ള ഒരു സ്ഥലമാണ് കോട്ടയ്ക്കൽ. അതുപോലതന്നെ ഇതിന്റെ സമീപ്രദേശങ്ങളിലായി വലിയ വലിയ കച്ചവട സ്ഥാപനങ്ങളും ചെറുകിട വ്യവസായ സ്ഥാപനങ്ങളുമെല്ലാം സ്ഥിതി ചെയ്യുന്നുണ്ട്. അവിടെയൊരു ഫയർസ്റ്റേഷൻ അനുവദിക്കണമെന്നത് ഒട്ടേറെ കാലമായുള്ള ആവശ്യമായിരുന്നതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും അതിനാവശ്യമായ സ്ഥലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഏറ്റെടുക്കുകയും അതിനുള്ള അനുമതിയും അനുവാദവും ലഭിക്കുകയും ചെയ്തു. ആ സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറിയിട്ടുമുണ്ട്. അതിനാവശ്യമായ മൂന്ന് കോടി തൊണ്ണൂറ് ലക്ഷം രൂപ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ, അതിന് ഭരണാനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ ഫയർസ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടികളും ആരംഭിക്കേണ്ടതുണ്ട്. ആഭ്യന്തര വകുപ്പുസെക്രട്ടറിയുടെ കൈവശമാണ് അതിനുള്ള പ്രൊപ്പോസലുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിച്ച് ആ

പ്രദേശങ്ങളിലെ ജനങ്ങൾ നേരിടുന്ന ദുരിതപൂർണ്ണമായ പ്രയാസങ്ങളിൽനിന്നും കരകയറുന്നതിനുള്ള അവസരമുണ്ടാക്കണമെന്നും അതിന് അങ്ങയിൽനിന്ന് അനുവാദമുണ്ടാകണമെന്നും അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ 17 ആർ 42 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി 2017-ൽ അഗ്നി രക്ഷാ വകുപ്പിന് അനുവദിക്കുകയും ആയത് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയർസ്റ്റേഷൻ അടിയന്തരമായി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല.

(2) ആർട്സ് ആന്റ് സയൻസ് കോളേജ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. ഏറ്റവുമധികം പട്ടികവർഗ്ഗക്കാരും കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഒരു നിയോജകമണ്ഡലമാണ് സുൽത്താൽ ബത്തേരി. അവിടെ ഒരു വർഷം നാലായിരത്തോളം കുട്ടികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തുവരുന്നു. അഞ്ഞൂറോളം കുട്ടികൾക്കാണ് മറ്റ് കോളേജുകളിൽ അഡ്മിഷൻ

ലഭിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻതന്നെ സമർപ്പിച്ച നിവേദനം 2019-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൈമാറുകയും ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് സെക്രട്ടറി, ഡയറക്ടർ, കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ മുമ്പാകെ ഫയൽ പോകുകയും അവസാനം ഡെപ്യൂട്ടി ഡയറക്ടർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, കോഴിക്കോട്, സുൽത്താൻ ബത്തേരിയിൽ വന്ന് എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർത്ത് ഒരു കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം വിശദീകരിച്ച്, അതനുസരിച്ചുള്ള എല്ലാ സൗകര്യങ്ങളും അവിടെ ചെയ്യുകയും ചെയ്തു. മാത്രമല്ല ഒരു കോളേജ് തുടങ്ങുന്നതിനുവേണ്ടി അനുകൂലമായ റിപ്പോർട്ടാണ് ഗവൺമെന്റിനുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2020-21-ലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 30 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. മാത്രമല്ല കോളേജ് തുടങ്ങുന്നതിനാവശ്യമായ കോഴ്സുകൾ, ആവശ്യമായ കെട്ടിടങ്ങൾ, അതോടൊപ്പംതന്നെ പെർമനന്റായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സർക്കാരിന് ഏറ്റെടുക്കാവുന്ന മൂന്ന് ഭൂമികളുടെ പ്രൊപ്പോസലടക്കം ഈ റിപ്പോർട്ടിൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, കോഴിക്കോട് വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ

പട്ടികവർഗ്ഗക്കാരും കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന നിയോജകമണ്ഡലമെന്ന നിലയ്ക്ക് ഈ കാര്യത്തിൽ ഗവൺമെന്റ് വളരെ വ്യക്തമായ നിലപാടെടുക്കണം, മാത്രമല്ല നാല് ചുരത്തിന്റെ മുകളിലാണ് ഇത്. വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ പ്രയാസപ്പെടുന്ന ഒരു മേഖലയാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ ശ്രദ്ധ ഈ കാര്യത്തിലുണ്ടാകണം. നിലവിലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതകൾ ചർച്ച ചെയ്യാൻ സ്ഥലം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം 2019 നവംബർ 2-ാം തീയതി കൂടുകയുണ്ടായി. ആ യോഗത്തിലെ ധാരണകൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്. വയനാട് ജില്ലയിലും മാനന്തവാടിയിലും കൽപ്പറ്റയിലും സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലയിൽ റൂസാ പദ്ധതിപ്രകാരം ഒരു മോഡൽ

കോളേജിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പെരിയ വില്ലേജിലാണ് അതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുള്ളത്. സുൽത്താൻ ബത്തേരി മണ്ഡലത്തിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആവശ്യകതയും സർക്കാരിന്റെ സാമ്പത്തികസ്ഥിതിയുംകൂടി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

3. പലിശയിളവും മോറട്ടോറിയവും

ശ്രീ. കെ. പി. മോഹനൻ: സർ, ഈ കൊവിഡ്-19 കാലഘട്ടത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ഫോട്ടോഗ്രാഫ്, വീഡിയോഗ്രാഫർമാരുടെ പ്രശ്നങ്ങളാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്.

നിത്യവരുമാന മാർഗ്ഗത്തിൽ വൻപ്രയാസങ്ങളാണ് ഇവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നമ്മളെയൊക്കെത്തന്നെ മറ്റ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരുമാണ്. അവർക്ക് ഒരുപാട് വിഷമങ്ങളുണ്ട്. ഈ മഹാമാരിക്കാലത്ത് മരണമടയുന്നവരുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തുന്ന വീഡിയോ-ഫോട്ടോഗ്രാഫർമാർ അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെ വലുതാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൊവിഡ് വാക്സിൻ ലഭ്യമാക്കുന്നതിന് മുൻഗണന നൽകുന്നതിന്

നടപടിയുണ്ടാകണം. ഫോട്ടോ-വീഡിയോഗ്രാഫിക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എടുത്തിരിക്കുന്ന വായ്പകൾ പലിശയും കൂട്ടുപലിശയുമായി തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയിലാണ്. ആയതിനാൽ ഈ വായ്പയ്ക്ക് പലിശയും മോറട്ടോറിയവും നൽകണമെന്നും ഈ മേഖലയിലെ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിച്ച് നിലനിർത്തണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്. ഞാനും ഒരു ഫോട്ടോഗ്രാഫറായിരുന്നു. അതുകൊണ്ടാണ് അവരുടെ കാര്യത്തിൽ ഇടപെടുന്നത്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങ് നല്ലൊരു ഫോട്ടോഗ്രാഫറാണ്. അങ്ങ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്കുള്ള വിശദീകരണമാണ് ഞാനിവിടെ നൽകുന്നത്. കൊവിഡ്-19 ഒന്നാം തരംഗവും രണ്ടാം തരംഗവും സാമ്പത്തിക മേഖലയ്ക്ക് ഏൽപ്പിച്ചിട്ടുള്ള ആഘാതം വളരെ വലുതാണ്. മിക്കവാറും എല്ലാ മേഖലകളിലും സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ ഇടപെടലുകളും നടത്തിവരികയാണ്. ഫോട്ടോഗ്രാഫി അനുബന്ധ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് സർക്കാരിന് ബോധ്യമുണ്ട്. ഈ മേഖലയിൽ ജോലിചെയ്തുവരുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അർഹതയുണ്ട്. പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾ

ബോർഡിൽനിന്നും ലഭിക്കുന്ന വിവിധ ആനുകൂല്യങ്ങൾക്ക് അർഹരാണ്. 2020-ൽ കൊവിഡ്-19 ആശ്വാസ ധനസഹായമായി 1000 രൂപ, ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 500 രൂപ, കൊവിഡ് ബാധിതർക്ക് 10000 രൂപ എന്നിവയും അനുവദിച്ചുനൽകിയിട്ടുണ്ട്. തുടർന്ന് 2021-ലും സാമ്പത്തിക സഹായമായി 1000 രൂപ വീതം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. കൊവിഡ്-19 രോഗികളുടെ എണ്ണം, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് എന്നിവ കുറയുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിവിധ മേഖലകളിൽ നിയന്ത്രണങ്ങളോടെ ഇളവ് നൽകിവരുന്നുണ്ട്. സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത മേഖലയ്ക്കും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഇളവ് അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. 2020-21-ൽ കൊവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ ഏർപ്പെടുത്തിയതുമൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങൾക്കും തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാതിരുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നത് സംബന്ധിച്ച് നിബന്ധനകൾക്ക് വിധേയമായി തീരുമാനമെടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും

അനുവദിച്ചിട്ടുണ്ട്. 29.06.2020-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു ഉത്തരവുണ്ട് (1278/2020). കൊവിഡ്-19-ന്റെ രണ്ടാം തരംഗം വ്യാപകമായ സാഹചര്യം പരിഗണിച്ച് ആ ഉത്തരവിന്റെ തുടർച്ചയായി, അതിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും ഉടമസ്ഥതയിലുള്ളതും ലോക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടകയിളവ് നൽകുന്നതിന് തീരുമാനം എടുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റിയെയും അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 19.05.2021-ൽ ഇറക്കിയിട്ടുണ്ട്. ഫോട്ടോഗ്രാഫി മേഖലയിലുള്ളവർക്ക് കൊവിഡ്-19 വാക്സിനേഷന് മുൻഗണന നൽകുന്ന വിഷയം ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## 4. <u>വന്യജീവി ആക്രമണം</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെയുള്ള എട്ട് പഞ്ചായത്തുകളിൽ ആറ് പഞ്ചായത്തുകളിലും കാട്ടാനകളുടെ ശല്യം രൂക്ഷമായിരിക്കുകയാണ്. ജനവാസ കേന്ദ്രങ്ങളിലൊക്കെ കാട്ടാനകൾ കറങ്ങി നടക്കുകയാണ്. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ 10 വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞത്. വളരെയേറെ കഷ്ടപ്പെട്ടുണ്ടാക്കിയ വിളഞ്ഞ

നെൽപ്പാടങ്ങൾ, കൊയ്തെടുത്ത നെല്ല്, കായ്ഫലം തരുന്നതും തരാറായതുമായ വാഴകളും തെങ്ങുകളുമൊക്കെ കാട്ടാനകൾ നശിപ്പിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കർഷകരാകെ വല്ലാത്ത ദുരിതത്തിലാണ്. ഏതാനും ദിവസങ്ങൾക്ക് മുൻപാണ് കഴിഞ്ഞ 28-ാം തീയതി പകൽ കഞ്ചിക്കോടെന്ന് പറയുന്ന പ്രദേശത്തെ ഒരു വീട്ടമ്മയെ ആന കുത്തി കൊന്നത്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് പെട്ടെന്നുതന്നെ സഹായധനം എത്തിച്ചു. അത് വളരെ നല്ലകാര്യമാണ്. ഇപ്പോൾ, കഴിഞ്ഞ ഒന്നാംതീയതി രാത്രി അതിന്റെ തൊട്ടടുത്ത സ്ഥലത്ത് പുലിയിറങ്ങി, മോഹൻദാസ് എന്ന ഒരു കൃഷിക്കാരന്റെ കെട്ടിയിട്ട പശുവിനെ കടിച്ചുകൊന്നു. ജനങ്ങളാകെ വല്ലാത്ത ഭീതിയിലാണ്. ഈ വന്യമൃഗശല്യം, പ്രത്യേകിച്ച് കാട്ടാനശല്യം ഒഴിവാക്കാൻ ഒരു പരിഹാരം കണ്ടെത്താൻ റെയിൽ ഫെൻസിംഗ് സ്ഥാപിക്കണം എന്നാണ് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത്. തീർച്ചയായും അത് അടിയന്തരമായി സ്ഥാപിക്കണം.

ഈ സംഭവങ്ങൾക്കുശേഷമാണ് അവിടത്തെ എം.പി.-യും അതുപോലെതന്നെ ബി.ജെ.പി.-യും പത്രക്കാരോടൊക്കെ പറഞ്ഞ് പത്രത്തിൽ വാർത്ത വന്നത്. അതിനുവേണ്ടി അനുവദിക്കപ്പെട്ട സംഖ്യ വയനാട്ടിലേയ്ക്ക് മാറ്റിയെന്നും വകമാറി ചെലവഴിച്ചു എന്നുമാണ്. എന്താണ് അതിന്റെ സത്യാവസ്ഥ

എന്നുകൂടി അറിയിക്കുന്നത് നന്നായിരിക്കും. തീർച്ചയായും റെയിൽ ഫെൻസിംഗ് സ്ഥാപിക്കാൻ ഉടൻതന്നെ തീരുമാനമുണ്ടാകണം. ഇനി വൈകിച്ചുകൂടാ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. അദ്ദേഹത്തിന്റെ പ്രദേശത്ത് വന്യമൃഗങ്ങളുടെ അതിക്രമത്തിൽ ദുരിതം അനുഭവിക്കുന്ന കർഷകരുടെ പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ആനകളുടെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിന് ഈ ഡിവിഷനുമായി ബന്ധപ്പെട്ട മൂന്ന് റേഞ്ചുകളിൽ 256 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലിയുടെയും 11 കിലോമീറ്റർ ആനപ്രതിരോധ കിടങ്ങുകളുടെയും പ്രവൃത്തികൾ ഇതിനകംതന്നെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ വന്യജീവി ആക്രമണം നേരിടുന്നതിനായി ദ്രുതകർമ്മസേനയേയും നിയോഗിച്ചിട്ടുണ്ട്. ആർ.ആർ.ടി. യൂണിറ്റുകൾ പ്രവർത്തിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ രണ്ട് കുങ്കി ആനകളുടെ സേവനവും കാട്ടുമൃഗങ്ങളുടെ സാന്നിദ്ധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലേർട്ട് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. സംഘർഷം ലഘൂകരിക്കുന്നതിന് വി.എസ്.എസ്.-കളുടെയും

ജനജാഗ്രതാ സമിതികളുടെയും സേവനം ഉപയോഗപ്പെടുത്തുകയും വന്യജീവികളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിന് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നാശനഷ്ടം സംഭവിക്കുന്ന ആളുകൾക്ക് അവർ സമർപ്പിക്കുന്ന അപേക്ഷയുടെ മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതകൂടി കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആ പ്രദേശത്ത് 758 അപേക്ഷകളാണ് ഇതിനകം തീർപ്പാക്കിയിട്ടുള്ളത്. 219.82 ലക്ഷം രൂപ ഈ മേഖലയിൽ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 114 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയിൽ 23.50 കിലോമീറ്റർ സൗരോർജ്ജവേലിയുടെ പ്രവൃത്തി പൂർത്തിയാക്കുകയും ബാക്കി പ്രവർത്തനങ്ങൾക്ക് ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് വനം ഡിവിഷന് കീഴിലുള്ള പുന്നശ്ശേരി സൗത്ത് സെക്ഷൻ പരിധിയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ വലിയേരി കുഞ്ചപ്പൻചള്ള ഭാഗത്ത് വനത്തോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിൽ വിറക് ശേഖരിക്കുകയായിരുന്ന ടി പഞ്ചായത്തിലെ കഞ്ചിക്കോട് പനങ്ങാട് ഭാഗത്ത് താമസിച്ചുവരുന്ന സുബ്രഹ്മണ്യന്റെ ഭാര്യ, ആനയുടെ അതിക്രമത്തിനിരയായി മരണപ്പെട്ടതായി സ്ഥലം എം.എൽ.എ. അറിയിച്ച ഉടൻ തന്നെ അവർക്ക് 10 ലക്ഷം രൂപയുടെ

സഹായധനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലെ ആദ്യഗഡുവായ അഞ്ച് ലക്ഷംരൂപ തൊട്ടടുത്ത ദിവസം ഉച്ചയ്ക്കുതന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്.

മറ്റൊരുപാട് കാര്യങ്ങളുണ്ട്. സമയത്തിന്റെ പരിമിതിമൂലം വായിച്ചതായി കണക്കാക്കണം.* എന്നാൽ ഒരുകാര്യം ഇവിടെ സഭയെ അറിയിക്കേണ്ടതായിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. വന്യജീവികളുടെ അക്രമത്തിൽനിന്നും കർഷകരെയും അവരുടെ ഉൽപ്പന്നങ്ങളേയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് സർക്കാരിന്റെ നിലപാട്. എന്നാൽ വനത്തേയും വന്യജീവികളെയും സംരക്ഷിക്കുക എന്നതും നമ്മുടെ ഓരോരുത്തരുടെയും ചുമതലയാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും ഇത്തരമൊരു നിലപാടാണ് സർക്കാർ സ്വീകരിക്കുക. നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് പരമാവധി സഹായം കർഷകർക്ക് നൽകുക എന്നതുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായിത്തന്നെ നടത്തുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

## 5. റോഡ് നിർമ്മാണം

ശ്രീ. പി. ജെ. ജോസഫ്: സർ, പൊതുമരാമത്ത് വകുപ്പ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ തൊടുപുഴ നിയോജകമണ്ഡലത്തിലെ

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡിന്റെ ടെൻഡർ നടപടികൾ കൈക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. 34 കിലോമീറ്റർ നീളമുള്ള നിർദ്ദിഷ്ടറോഡ് തൊമ്മൻകുത്ത്-ആനചാടികുത്ത്-കോട്ടപ്പാറ-മീനുളിയാൻപാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് ഉപകരിക്കുന്നതാണ്. കെ.എസ്.ടി.പി.യാണ് ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കിയിരിക്കുന്നത്. തൊമ്മൻകുത്ത് മുതൽ നാരങ്ങാനം വരെയുള്ള 1245 മീറ്റർ ദൂരം നിർമ്മിക്കുന്നതിന് വനംവകുപ്പ് തടസ്സം ഉന്നയിച്ചിരുന്നു. ഇതേ തുടർന്ന് കെ.എസ്.ഡി.പി. പത്തുലക്ഷം രൂപ വനം വകുപ്പിൽ അടയ്ക്കുകയും എൻ.ഒ.സി. ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ റോഡ് വികസന പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ച് നിർമ്മാണം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഈ സഭയിൽ ദീർഘകാല അനുഭവമുള്ള ബഹുമാനപ്പെട്ട പി. ജെ. ജോസഫ് ഉന്നയിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ 31.916 കിലോമീറ്റർ ദൂരമുള്ള നെയ്യശ്ശേരി-തോക്കുമ്പൻ സാഡിൽ റോഡ് നിർമ്മാണം KfW ജർമ്മൻ ബാങ്ക് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത റോഡിനുള്ള 191.99 കോടി രൂപയുടെ ഭരണാനുമതി

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽനിന്നും 15-08-2020-ൽ ലഭിച്ചു. ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി തുക 180.16 കോടി രൂപയാണ്. നിലവിൽ ആ റോഡിൽ ഉൾപ്പെടുന്ന തൊമ്മൻകുത്ത് മുതൽ മുണ്ടൻമുടി വരെയുള്ള ഒന്നരക്കിലോമീറ്റർ റോഡിൽ 0.996 ഹെക്ടർ വനഭൂമി റോഡ് ആവശ്യത്തിനായി സ്റ്റേജ് ഒന്നിന് അനുമതി ലഭിച്ചിട്ടുള്ളതും, സ്റ്റേജ് രണ്ട് അനുമതിക്കായി ആകെ 10,38,828 രൂപ വനം വകുപ്പിന് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. മരം മുറിക്കുന്നതിനും അനുബന്ധ റോഡ് നിർമ്മാണത്തിനുമായി വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ടെൻഡർ നടപടികളുടെ അനുമതിക്കായി KfW ജർമ്മൻ ബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചാൽ ഉടൻ പ്രവൃത്തി ടെൻഡർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 6. ചേലക്കാട്-വടകര റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡ്, വടകര ദേശീയപാതയിൽ നിന്നും നാദാപുരം-കുറ്റ്യാടി സ്റ്റേറ്റ് ഹൈവേയിൽ പ്രവേശിക്കുന്ന റോഡാണ്. 16 കിലോമീറ്റർ ദൂരത്തിലാണ് ഈ റോഡ് ഉള്ളത്. 12 മീറ്റർ വീതിയിലുള്ള റോഡിന്റെ നിർമ്മാണം ലാന്റ് അക്വിസിഷൻ ഇല്ലാതെ ഫ്രീ സറണ്ടർ ആയിവേണമെന്ന നിർദ്ദേശം കിഫ്ബി നൽകി. 58.29 കോടി

രൂപയുള്ള ഭരണാനുമതിയാണ് ലഭിച്ചത്. താമസിച്ചപ്പോൾ കിഫ്ബിയുടെ സി.ഇ.ഒ. ഉൾപ്പെടെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഗൂഗിൾമീറ്റിൽ ആശയവിനിമയം നടത്തി ധാരണയിൽ എത്തിയതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റ് ഉൾപ്പെടെ മാറ്റി. അതിനുശേഷവും തുടർപ്രവർത്തനങ്ങൾ ഒന്നും നടന്നില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡ് എന്നനിലയ്ക്കും മൂന്ന് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡ് എന്ന നിലയ്ക്കും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട സഹായങ്ങൾ വളരെ വേഗതയിൽ നടത്തിതരാൻ ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നാദാപുരം മെമ്പർ ഉന്നയിച്ച കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലെ വടകര-വില്ല്യാപ്പള്ളി-ചേലക്കാട് റോഡിന് 10-07-2017-ൽ 31 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകിയിരുന്നു. കേരള റോഡ് ഫണ്ട് ബോർഡിനെ പ്രസ്തുത പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിക്ക് 58.29 കോടി രൂപയുടെ സാമ്പത്തികാനുമതി 1-12-2020-ൽ ലഭ്യമായിട്ടുണ്ട്. 16 കിലോമീറ്റർ ദൂരമുള്ള ഈ റോഡ് വീതികൂട്ടുമ്പോൾ ബാധിക്കുന്ന കെട്ടിട ഉടമകളിൽ നിന്നും ഫ്രീ സറണ്ടർ ഡോക്യുമെന്റേഷൻ ലഭ്യമാക്കുന്നതിനുള്ള

നടപടികൾ നടന്നുവരുന്നു. ഇതിനായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ എത്രയും വേഗം പൂർത്തീകരിച്ച് പ്രസ്തുത എസ്റ്റിമേറ്റ് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിയിൽ വയ്ക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

7. സഹായ പാക്കേജ്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട സാമ്പത്തിക വ്യാവസായിക മേഖലയാണ് ടൂറിസം. ഈ മേഖല രണ്ട് പ്രകൃതി ദുരന്തങ്ങളും കോവിഡുംമൂലം ഗുരുതരമായ പ്രതിസന്ധിയാണ് ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ആലപ്പുഴ കായൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രധാന പ്രദേശമാണ്. ഹൗസ് ബോട്ട്, ശിക്കാരി വള്ളം, മോട്ടോർ ബോട്ട് തുടങ്ങിയവ ആയിരക്കണക്കിന് വരുന്ന ടൂറിസ്റ്റുകൾക്ക് നമ്മുടെ പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ വേണ്ടിയും ജലമേളകൾ നടക്കുന്ന ഒരു നാടെന്ന നിലയിൽ ആലപ്പുഴയെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗവുമായിരുന്നു. പതിനായിരക്കണക്കിന് ആൾക്കാരാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുത്ത് ജീവിക്കുന്നത്. 1200-ഓളം വരുന്ന ഹൗസ് ബോട്ടുകളിലും 300-ഓളം വരുന്ന ശിക്കാരി വള്ളങ്ങളിലും 400-ൽ കുറയാത്ത

മോട്ടോർ ബോട്ടുകളിലുമായി പണിയെടുക്കുന്നവരുണ്ട്. കൂടാതെ ടൂറിസ്റ്റുകളെ ആശ്രയിച്ച് അനുബന്ധമേഖലയിൽ ഓട്ടോറിക്ഷ/ടാക്സി ഓടിച്ചും തുണി ഇസ്തിരിയിട്ട് കൊടുത്തും ചെറുകച്ചവടം നടത്തിയും ജീവിക്കുന്നവരുമുണ്ട്. അങ്ങനെ എല്ലാ അർത്ഥത്തിലും ആലപ്പുഴ നഗരമാകെ, പുന്നമട അടക്കമുള്ള പ്രദേശങ്ങൾ ഇന്നൊരു സ്തംഭനാവസ്ഥയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. യാതൊരു വിധത്തിലും ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഈ വ്യവസായത്തെ സംരക്ഷിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ബാങ്ക് വായ്പയ്ക്കുവേണ്ടി സ്വന്തം കിടപ്പാടം പണയപ്പെടുത്തിയ ആളുകൾ പലരും ഹൗസ് ബോട്ട് മേഖലയിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയാണ്, ജപ്തി നടപടികളടക്കം നടക്കുകയാണ്. പ്രശ്നത്തിന്റെ ഗൗരവം അങ്ങ് മനസ്സിലാക്കണം, ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിൽ അവർ മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ സന്ദർഭങ്ങളിൽ ചെറിയ സഹായങ്ങൾ ഹൗസ് ബോട്ട് ഓണേഴ്സിന് ലഭിച്ചെങ്കിലും അത് പരിമിതമാണ്. തൊഴിലാളികളുടെ ജീവിതം വളരെ ഗതികേടിലാണ്. ഈ വ്യവസായത്തെയും ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലപ്പുഴ അംഗം ഇവിടെ ഉന്നയിച്ചത് കൊവിഡ്-19 മഹാമാരി ലോകത്തെമ്പാടുമുള്ള ടൂറിസം മേഖലയെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ടാണ്. കേരളത്തിലെ ടൂറിസം മേഖലയിലും ഇതിന്റെ പ്രത്യാഘാതമുണ്ടായി. സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളിലൂടെ ഒന്നാംഘട്ടത്തെ മറികടക്കുമ്പോഴാണ് രണ്ടാം തരംഗം ഉണ്ടായത്. കേരളത്തിലെ ഹൗസ്ബോട്ട് വ്യവസായത്തിന്റെ കേന്ദ്രമാണ് ആലപ്പുഴ. ഇതുവരെ 96 ഹൗസ് ബോട്ട് ഉടമകൾക്ക് ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി 86 ലക്ഷം രൂപയുടെ ധനസഹായം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ കേരള ബാങ്കുവഴി ഈ മേഖലയിലെ ജീവനക്കാർക്ക് വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്. ടൂറിസം മേഖലയിലെ ജീവനക്കാരെ കൊവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി, മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്. കൊവിഡ്-19 രണ്ടാം തരംഗംമൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാര

മേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരെ പങ്കെടുപ്പിച്ച് ഈ സഭാ സമ്മേളനം കഴിഞ്ഞാൽ യോഗം വിളിച്ച് ചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

8. ടൂറിസം മേഖല

ശ്രീ. കെ. ജെ. മാക്സി: സർ, ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി നൂറ്റാണ്ടുകൾ പഴക്കമുള്ള പൗരാണിക നഗരമാണ്. ലോക പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രം കൂടിയാണ്. ബിനാലെ പോലെ ഇന്ത്യയുടെ ഏക അന്തർദ്ദേശീയ സമകാലിക കലാപ്രദർശനം നടക്കാറുള്ള പ്രദേശം കൂടിയാണ്. ടൂറിസത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഹോംസ്റ്റേകൾ, ഹാന്റിക്രാഫ്റ്റ് കടകൾ, ആർട്ട് ഗ്യാലറികൾ, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ്, ടൂറിസ്റ്റ് ഗൈഡുകൾ, വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള നൂറുകണക്കിന് കുടുംബങ്ങളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയ്ക്ക് ചീഫ് മിനിസ്റ്റർ ടൂറിസം ലോൺ നടപ്പിലാക്കിയിരുന്നു. എന്നാൽ ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി മേഖലയിൽ ചുരുക്കംപേർക്ക് മാത്രമാണ് ലോൺ ലഭിച്ചത്. പ്രസ്തുത ലോൺ എല്ലാവർക്കും ലഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട കൊച്ചി അംഗം ഉന്നയിച്ചത് നേരത്തേ ആലപ്പുഴ അംഗം ഉന്നയിച്ച വിഷയവുമായി സമാന സ്വഭാവമുള്ളതാണ്. കൊവിഡ് 19-ന്റെ ഒന്നാംഘട്ടം ടൂറിസം രംഗത്തുണ്ടാക്കിയ ആഘാതം മറികടക്കുന്നതിനിടയിലാണ് രണ്ടാം തരംഗമെത്തിയത്. ഇത് കേരളത്തിലെ ടൂറിസം മേഖലയെ ആശ്രയിച്ചുകഴിയുന്നവരെ ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഫോർട്ടുകൊച്ചി-മട്ടാഞ്ചേരി ഉൾപ്പെടെയുള്ള ടൂറിസം മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന എല്ലാവരെയും സംരക്ഷിക്കുക എന്നത് സർക്കാർ നിലപാടാണ്. ഇതിന്റെ ഭാഗമായി മേയ് മാസം 27-ന് സർക്കാർ വിനോദസഞ്ചാരമേഖലയിലെ 18 സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. തുടർ നടപടികളെക്കുറിച്ച് ആലോചിക്കുകയാണ്. ടൂറിസം മേഖലയിലെ ജീവനക്കാരെ കൊവിഡ്-19 മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ വാക്സിനേഷൻ ലഭ്യമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റെസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിൻ നൽകിത്തുടങ്ങിയിട്ടുണ്ട്.

**അനുബന്ധം**

ചട്ടം 304 പ്രകാരം ബഹു. മലമ്പുഴ നിയോജക മണ്ഡലം എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ സമർപ്പിച്ച പാലക്കാട് ജില്ലയിലെ വന്യമൃഗ ആക്രമണം എന്ന വിഷയത്തിന്മേലുള്ള സബ്മിഷന്റെ മറുപടി

പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സൗരോർജ്ജവേലി നിർമ്മാണം, അവയുടെ പരിപാലനം, ആനപ്രതിരോധന കിടങ്ങ് നിർമ്മാണം, അവയുടെ പരിപാലനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ ഡിവിഷനുകളിൽ നിലവിലുള്ള സൗരോർജ്ജവേലിയുടെയും ആനപ്രതിരോധ കിടങ്ങിന്റെയും വിശദാംശങ്ങൾ ചുവടെ സമർപ്പിക്കുന്നു.

| ക്രമ നമ്പർ | ഡിവിഷൻ | സൗരോർജ്ജവേലിയുടെ നീളം (കി.മീ.) | ആനപ്രതിരോധ കിടങ്ങിന്റെ നീളം (കി.മീ.) |
|---|---|---|---|
| 1 | പാലക്കാട് | 106.167 | 4.00 |
| 2 | മണ്ണാർക്കാട് | 67.45 | 7.44 |
| 3 | നെന്മാറ | 83.05 | 0.00 |
| | ആകെ | 256.667 | 11.44 |

കൂടാതെ മലമ്പുഴ നിയോജകമണ്ഡലം ഉൾപ്പെടുന്ന പാലക്കാട് ഡിവിഷനിൽ 6 കിലോമീറ്റർ ഹാങ്ങിംഗ് ഫെൻസ് പൂർത്തിയാക്കുകയും 0.270 കിലോമീറ്റർ ആനപ്രതിരോധ മതിലിന്റെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. പാലക്കാട്, മണ്ണാർക്കാട് ഡിവിഷനുകളിൽ വന്യജീവി ആക്രമണം

നേരിടുന്നതിനായി ദ്രുതകർമ്മസേന (ആർ.ആർ.ടി.)-യെ നിയോഗിക്കുകയും ആർ.ആർ.ടി. യൂണിറ്റിന് പ്രവർത്തിക്കുവാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ഡിവിഷനിൽ വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന മേഖലകളിൽ രണ്ട് കുങ്കിയാനകളുടെ സേവനവും കാട്ടാനയുടെ സാന്നിധ്യം പ്രദേശവാസികളെ അറിയിക്കുന്നതിനായി എസ്.എം.എസ്. അലേർട്ട് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. സംഘർഷം ലഘൂകരിക്കുന്നതിന് വി.എസ്.എസ്.-കളുടെയും ജനജാഗ്രതാ സമിതികളുടെയും സേവനം ഉപയോഗപ്പെടുത്തുകയും, വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കുന്നതിന് നിരന്തരമായ പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. വന്യജീവി ആക്രമണംമൂലം നാശനഷ്ടം സംഭവിക്കുന്ന ആളുകൾക്ക് അവർ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ച് വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) വന്യജീവി ആക്രമണംമൂലം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ലഭിച്ച 758 അപേക്ഷകൾ തീർപ്പാക്കി 219.82 ലക്ഷം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ട്.

മണ്ണാർക്കാട് ഡിവിഷനിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 114 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 23.50

കിലോമീറ്റർ സൗരോർജ്ജവേലിയുടെ പ്രവൃത്തി പൂർത്തിയാക്കുകയും ബാക്കി 90.50 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലമ്പുഴ നിയോജക മണ്ഡലം ഉൾപ്പെടുന്ന പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിൽ ആനക്കൽ ഭാഗത്ത് ഈ വർഷം 750 കിലോമീറ്റർ സൗരോർജ്ജവേലി കെട്ടുന്നതിന് 15 ലക്ഷം രൂപയും വാളയാർ ഒലവക്കോട് റെയിഞ്ചുകളിലെ സൗരോർജ്ജവേലിയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 24 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

പാലക്കാട് വനം ഡിവിഷന്റെ കീഴിലുള്ള വാളയാർ റെയിഞ്ച് പുതുശ്ശേരി സൗത്ത് സെക്ഷൻ പരിധിയിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ വലിയേരി കുഞ്ചപ്പൻചള്ള ഭാഗത്ത് വനത്തോടുചേർന്നുള്ള സ്വകാര്യഭൂമിയിൽ വിറക് ശേഖരിക്കുകയായിരുന്ന ടി പഞ്ചായത്തിലെ കഞ്ചിക്കോട് പനങ്ങാട് ഭാഗത്ത് താമസിച്ചുവരുന്ന സുബ്രഹ്മണ്യന്റെ ഭാര്യ അഞ്ജലീദേവി (വയസ്സ് 59) 25.05.2021-ന് പകൽ ഉദ്ദേശം 9.30 മണിയോടുകൂടി കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെടുകയുണ്ടായി.

26.05.2021-ന് രാവിലെ തന്നെ സംസ്കാരത്തിനും മരണാനന്തര ചടങ്ങുകൾക്കുമായി സർക്കാരിന്റെ അടിയന്തര സഹായമായ 10,000 രൂപ മരണപ്പെട്ട സ്ത്രീയുടെ ഭർത്താവായ സുബ്രഹ്മണ്യന് ഗ്രാമപഞ്ചായത്ത് മെമ്പറുടെ

സാന്നിധ്യത്തിൽ കൈമാറിയിട്ടുള്ളതാണ്. തുടർന്ന് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ അനന്തരാവകാശികൾക്ക് സർക്കാർ നൽകിവരുന്ന നഷ്ടപരിഹാരമായ 10,00,000 രൂപയുടെ (പത്ത് ലക്ഷം രൂപ) ആദ്യഗഡുവായി 5,00,000 രൂപയുടെ ചെക്ക് അന്നേദിവസം ഉച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.യുടെ സാന്നിധ്യത്തിൽ മരണപ്പെട്ട സ്ത്രീയുടെ ഭർത്താവിന് കൈമാറിയിട്ടുള്ളതാണ്. കൂടാതെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ട ഗ്രാമവാസികൾക്കുള്ള പി.എഫ്.എം. ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്നും കർഷകരെയും അവരുടെ ഉൽപന്നങ്ങളെയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുകയെന്നത് സർക്കാരിന്റെ കടമയാണ്. എന്നാൽ വനത്തെയും വന്യജീവികളെയും സംരക്ഷിക്കുക എന്നതും നമ്മുടെ ചുമതലയാണ്. ഈ നയമാണ് വനംവകുപ്പ് സ്വീകരിക്കുക. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പരമാവധി സഹായം കർഷർക്കും നൽകുക എന്ന നിലപാടാണ് സർക്കാരിനുള്ളത്.